(ബി) സഹകരണ വകുപ്പിലെയും സഹകരണ സംഘങ്ങളിലെയും ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിന് പ്രസ്തുത സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അത് സംബന്ധിച്ച ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഐ.സി.ഡി.പി. പദ്ധതി പ്രകാരമുള്ള ഏതെങ്കിലും ട്രെയിനിംഗ് പരിപാടിയുടെ ചുമതല സംഘത്തെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) ഈ സംഘം രജിസ്റ്റർ ചെയ്യപ്പെട്ട തീയതി വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഉണ്ട്. സംയോജിത സഹകരണ പദ്ധതി പ്രകാരം കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ടീമിന് പരിശീലനം നൽകുന്നതിന് എൻ. സി. ഡി. സി. നിബന്ധനകൾക്ക് വിധേയമായി കോസ്ടെക്കിനെ ചുമതലപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഐ.സി.ഡി.പി. പദ്ധതി അനുസരിച്ച് സഹകരണ സംഘം/ ബാങ്ക് ജീവനക്കാർക്ക് പരിശീനലം നൽകുന്നതിന് കോസ്ടെക്കിനെ ചുമതലപ്പടുത്തിയിട്ടുണ്ട്. കൂടാതെ ഐ.സി.ഡി.പി. നടപ്പിലാക്കുന്ന ജില്ലകളിൽ ഡയറക്ടർ ബോർഡ് അംഗങ്ങൾ, ജനറൽ മാനേജർമാർ, ഡെപ്യൂട്ടി ജനറൽ മാനേജർമാർ, ജില്ലാ ബാങ്ക് സീനിയർ എക്സിക്യൂട്ടീവുകൾ എന്നിവർക്ക് പരിശീലനം നൽകുന്നതിനും അനുമതി കൊടുത്തിട്ടുണ്ട്.

(ഇ) വെളിപ്പടുത്താം. 8-11-2001-ലാണ് ടി സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ്

148 [3150] ശ്രീ. വി.കെ.സി. മമ്മത്കോയ:

,, പി. ജയരാജൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണസംഘങ്ങളുടെ ആഡിറ്റ് കൃത്യമായും നടത്താതിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആഡിറ്റിംഗ് കൃത്യമായും നടക്കാതിരിക്കുന്നത് ക്രമക്കേടുകൾ യഥാസമയം കണ്ടെത്താതിരിക്കുന്നതിന് ഇടയാക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(സി) ആഡിറ്റിംഗ് കൃത്യമായി നടക്കുന്നോ എന്നത് സംബന്ധിച്ച് വിലയിരുത്താറുണ്ടോ; ഒരു വർഷത്തിലധികമായി ഓഡിറ്റ് നടക്കാതിരിക്കുന്ന സംഘങ്ങളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വിശദമാക്കാമോ;

(ഡി) സംഘങ്ങളുടെ ആഡിറ്റിംഗിന് കോ-ഓപ്പറേറ്റീവ് ആഡിറ്റ് ഡയറക്ടറുടെ കീഴിൽ പ്രത്യേക വിഭാഗം രൂപീകരിക്കാനുള്ള നിയമ വ്യവസ്ഥ നടപ്പിലാക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. 10,090 സംഘങ്ങൾ

(ഡി) കോ-ഓപ്പറേറ്റീവ് ആഡിറ്റിംഗിന് ആഡിറ്റ് ഡയറക്ടറുടെ കീഴിൽ പ്രത്യേക വിഭാഗം രൂപവീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിലുള്ള സഹകരണ വകുപ്പ് രണ്ട് വകുപ്പുകളായി വിഭജിക്കുമ്പോൾ സർക്കാരിനുണ്ടായേക്കാവുന്ന സാമ്പത്തിക ബാദ്ധ്യത തിട്ടപ്പെടുത്തി ജീവനക്കാരുടെ വിഭജനം, നിയമനങ്ങൾ തുടങ്ങിയവ സംബന്ധിച്ച വ്യവസ്ഥകൾ രൂപീകരിക്കേണ്ടതുള്ളതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

സഹകരണ ബാങ്കുകളിലെ ഇൻഷ്വറൻസ് പദ്ധതി

149 [3151] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തലങ്ങളിലുള്ള സഹകരണ ബാങ്കുകളിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏതെങ്കിലും സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്ക് ഇത് സംബന്ധിച്ച് എന്തെങ്കിലും കരാർ നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) സഹകരണ സ്ഥാപനങ്ങളുടെ ഇൻഷ്വറൻസ് കേന്ദ്ര പൊതുമേഖലാ ഇൻഷ്വറൻസ് കോർപ്പറേഷനുകളെയോ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനേയോ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly